**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിന് വേണ്ട മാർഗങ്ങൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാൻ പ്രത്യേകം സമിതികളെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതികളുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ.ശ്യാം ബി.മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ.എൻ.കെ.ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ.സി.റ്റി.അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. ടി കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാന ശിപാർശകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിൽ അടിസ്ഥാന സൗകര്യങ്ങൾ, അക്കാദമിക സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും ജ്ഞാന സമ്പദ് വ്യവസ്ഥ എന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്നതിനും ആവശ്യമായ എന്തെല്ലാം നിർദേശങ്ങളാണ് മുന്നോട്ട് വെയ്ക്കുന്നത്; വിശദാംശം നൽകാമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | പ്രസ്തുത ശിപാർശകൾ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ പ്രധാന ശുപാർശകൾ

## I. പ്രാപ്യതയും തുല്യതയും

2031 ൽ GER 60 ശതമാനമാക്കാനും 2036 ൽ 75 ശതമാനമാക്കാനും താഴെ പറയുന്ന നടപടികൾ കമ്മീഷൻ ശുപാർശ ചെയ്തു.

1) തിരഞ്ഞെടുത്ത കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുക
2) മലബാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വർദ്ധിപ്പിക്കണം.
3) SC/ST വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ എൻറോൾമെന്റ് വർദ്ധിപ്പിക്കുക.
4) ഭിന്നശേഷി, സ്ത്രീ, ട്രാൻസ്ജെൻഡർ വിഭാഗങ്ങളിൽ നിന്നുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കുക.

## II. Ease of doing Education

"അന്തസുറ്റ അദ്ധ്യാപക/വിദ്യാർത്ഥി ജീവിതം" (Dignified Students/Teacher life) ഉറപ്പ് വരുത്താൻ താഴെ പറയുന്ന നടപടികൾ കമ്മീഷൻ ശുപാർശ ചെയ്തു.

### വിദ്യാർത്ഥികൾക്ക്

1) മുഴുവൻ സർവകലാശാലകൾക്കും ബാധകമായ ഒരു പൊതുവായുള്ളതും സുസ്ഥിരവുമായ അക്കാദമിക് കലണ്ടർ.
2) മെച്ചപ്പെട്ട ഭൗതിക സാഹചര്യം.
3) ഇഷ്ടപ്പെട്ട കോഴ്സ് തിരഞ്ഞെടുക്കാനുള്ള അവസരം.
4) ക്രഡിറ്റ് ബാങ്കും, അന്തർ സർവകലാശാല മാറ്റത്തിനും, സർട്ടിഫിക്കറ്റുകളുടെ തുല്യതക്കുമുള്ള കൃത്യമായ രൂപരേഖ.
5) സ്കോളർഷിപ്പുകൾ വർദ്ധിപ്പിക്കുകയും കൃത്യമായി ഇടവേളകളിൽ വിതരണം ചെയ്യുക.
6) മുഴുവൻ Phd ഗവേഷകർക്കും പ്രതിമാസം 15000/- രൂപ 'കേരള സംസ്ഥാന ഗവേഷണ ഫെലോഷിപ്പ്' നൽകുക.
7) UGC യുടെ JRF/SRF പോലെ 100 "മുഖ്യമന്ത്രിയുടെ ഗവേഷണ ഫെല്ലോഷിപ്" നൽകുക.
8) എല്ലാ UGC JRF ഇല്ലാത്ത Phd ഗവേഷകർക്കും ലാപ്ടോപ് ഉറപ്പ് വരുത്തുക.
9) അക്കാദമിക് കോൺഫറൻസുകളിൽ പങ്കെടുക്കാൻ യാത്ര ഗ്രാന്റ് അനുവദിക്കുക.
10) ഗവേഷക പരാതി പരിഹാര സെൽ ആരംഭിക്കുക

### അദ്ധ്യാപകർക്ക്

1) ഗസ്റ്റ് അദ്ധ്യാപക തസ്തികകൾ നിർത്തലാക്കി മുഴുവൻ ഒഴിവുകളിലും അദ്ധ്യാപക നിയമനം നടത്തുക.
2) പുതിയ പ്രോഗ്രാമുകൾ പ്രോജക്ട് മോഡിൽ 5 വർഷത്തേക്ക് അരംഭിക്കണം. ഇതിലേക്കുള്ള നിയമനങ്ങൾ 5 വർഷത്തേക്ക് നടത്തുകയും, സ്ഥിരാദ്ധ്യാപകർക്ക് നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യവും നൽകുകയും വേണം.
3) നിയമനങ്ങളിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി എടുക്കണം.

4) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രത്യേക സർവ്വീസ് – സാമ്പത്തിക റൂൾസ് നിർമ്മിക്കുക.
5) എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ PSC വഴിയോ റിക്രൂട്ട്മെന്റ് ബോർഡ് (Higher Education Service Commission) വഴിയോ നടത്തണം. ന്യൂനപക്ഷ സ്ഥാപനങ്ങളുടെ അവകാശം ഉറപ്പ് വരുത്തണം.
6) കേന്ദ്ര സർവകലാശാലകളിലെ അദ്ധ്യാപകർക്ക് സമാനമായ വേതന – സേവന വ്യവസ്ഥകൾ എയ്ഡഡ്-സർക്കാർ കോളേജുകളിലെയും സർവകലാശാല -കളിലേയും സ്ഥിര അദ്ധ്യാപകർക്ക് ഉറപ്പ് വരുത്തണം.
7) അസിസ്റ്റന്റ് പ്രഫസർ നിയമനത്തിനുള്ള പ്രായപരിധി എടുത്തുകളയണം.
8) അദ്ധ്യാപകരുടെ അക്കാദമിക് പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുക.

## III. <u>കരിക്കുലം പരിഷ്കരണം</u>

ഡിഗ്രി തലം തൊട്ട് Phd തലം വരെ സമൂലമായ കരിക്കുലം പരിഷ്കരണം കമ്മീഷൻ ശുപാർശ ചെയ്യു. നൂതനവും ക്രിയാത്മകവുമായ ഉന്നത വിദ്യാഭ്യാസം ഉറപ്പ് വരുത്താൻ ഇത് അനിവാര്യമാണ്.

1) അദ്ധ്യാപകർക്ക് കോഴ്സ് രൂപീകരണത്തിൽ മെച്ചപ്പെട്ട സ്വാതന്ത്ര്യം ഉറപ്പ് വരുത്തുകയും, കൂടുതൽ ഇലക്ടീവ് കോഴ്സുകൾ നൽകത്തക്ക രീതിയിൽ ക്ലാസ് ടൈം അടക്കം ക്രമീകരിക്കാനുള്ള അവകാശം ഉറപ്പ് വരുത്തുന്ന രീതിയിൽ സെമസ്റ്റർ സമ്പ്രദായം പുനഃക്രമീകരിക്കുക.
2) വർക്ക് ലോഡിന്റെ 10–20 ശതമാനം വരെ ഇലക്ടീവ് കോഴ്സുകൾ നൽകത്തക്ക രീതിയിൽ അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിക്കണം (workload cusion)
3) പുതിയ അദ്ധ്യാപകരെ റിക്രൂട്ട് ചെയ്യുക. ഇത് കൂടുതൽ സ്പെഷ്യലൈസ്ഡ് കോഴ്സുകൾ അവതരിപ്പിക്കാൻ സഹായകരമാവും.
4) കോഴ്സ് – ക്ലസ്റ്റർ സമ്പ്രദായം നടപ്പിലാക്കുക.
5) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് ഊന്നൽ നൽകി പുതിയ 10 നൂതന കോഴ്സുകൾ 50 കോളേജുകളിലും സർവകലാശാല പഠന വകുപ്പുകളിലും ആരംഭിക്കുക.
6) കരിക്കുലം വിഭാവനം ചെയ്യുന്നതിലും, നിർമ്മിക്കുന്നതിലും, കോഴ്സിന്റെ ഘടനയും നടത്തിപ്പിലുമടക്കം അദ്ധ്യാപകർക്ക് പരിശീലനം നൽകുക.
7) നാല് വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുക, മൂന്നാം വർഷത്തിന്റെ അവസാനം വിദ്യാർത്ഥികൾക്ക് എക്സിറ്റ് ഓപ്ഷൻ നൽകണം.
8) ഡിഗ്രി തലത്തിൽ ആദ്യ വർഷം ഫൗണ്ടേഷൻ കോഴ്സുകൾ നടപ്പിലാക്കണം.
9) ബിരുദാനന്തര ബിരുദവും – ഗവേഷണവും ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് 4–ാം വർഷം അവിടെ നിലനിൽക്കുന്ന PG പ്രോഗ്രാമിനോട് ചേർന്ന് കോഴ്സുകൾ പ്ലാൻ ചെയ്യണം. അതിനനുസൃതമായ രീതിയിൽ PG സിലബസ്/കരിക്കുലം പരിഷ്കരണം.
10) ഗവേഷണത്തെ ലക്ഷ്യമാക്കിയുള്ള പ്രത്യേക PG പ്രോഗ്രാമുകൾ സർവകലാശാല പഠന വകുപ്പുകളിൽ ആരംഭിക്കുക. 5 വർഷത്തെ Integrate ബിരുദ – ബിരുദാനന്തര പ്രോഗ്രാം, ബിരുദാനന്തര – ഗവേഷണ പ്രോഗ്രാമുകളും, ജോയിന്റ് ഡിഗ്രി, Dual ഡിഗ്രി പ്രോഗ്രാമുകളും ആരംഭിക്കുക.

11) ഗവേഷക വിദ്യാർത്ഥികൾക്ക് അക്കാദമിക് രചന വികസിപ്പിക്കാൻ സർവകലാശാലകളിൽ പ്രത്യേക സെന്റർ ആരംഭിക്കണം.
12) സർവകലാശാല പഠന വകുപ്പുകളിൽ 'Teaching Assistant' പദ്ധതി നടപ്പിലാക്കുക.
13) Phd ഗവേഷണത്തിൽ നിന്ന് De-registration നടത്താനുള്ള സമയ പരിധി പരമാവധി 2 വർഷമാക്കി നിജപ്പെടുത്തുക.
14) എല്ലാ സർവകലാശാലകളിലെയും ഗവേഷണ റെഗുലേഷനുകൾ യുക്തിപരമായ രീതിയിൽ പുനർഘടന നടത്തുക.

## IV. ശാസ്ത്രീയമായ ഗവേഷണം, ഇന്നൊവേഷൻ, ഇൻകുബേഷൻ (Scientific Research, Innovation, Incubation)

സംസ്ഥാനത്ത് സുസ്ഥിരമായ ഗവേഷണ സംസ്കാരം രൂപപ്പെടുത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾ കമ്മീഷൻ നിർദ്ദേശിച്ചു.

1) Kerala Institute for Science, Technology and Innovation – അന്താരാഷ്ട്ര നിലവാരത്തിലുള്ള നൂതനമായ ഗവേഷണവും ഇന്നവേഷനും ത്വരിതപ്പെടുന്നതിന്.
2) Kerala Knowledge Consortium (KKC) – കേരളം പൊതുവായി നേരിടുന്ന വെല്ലുവിളികളെ കുറിച്ച് ഗവേഷണം നടത്തുന്നതിന് (ഉദാ: Biomedical engineering, renewable energy)
3) കൂടുതൽ Trans Disciplinary സെന്ററുകൾ സർവകലാശാലകളിൽ ആരംഭിക്കണം .
4) Kerala Centre for Academic Computing – സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലക്ക് പൊതുവായി ഒരു കമ്പ്യൂട്ടേഷണൽ സെന്റർ ആരംഭിക്കണം.
5) Kerala Centre for Analytical Services (KCAS) – വടക്കൻ കേരളത്തിലും തെക്കൻ കേരളത്തിലും ഓരോ സ്ഥാപനം ആരംഭിക്കണം.
6) Kerala State Network of Research Fecilities (KSNRF) – സംസ്ഥാനത്തെ ഗവേഷകർക്ക് പൊതുവായി ഉപയോഗിക്കുന്നതിന് ആധുനിക രീതിയിലുള്ള Instrumentation ലാബ് സ്ഥാപിക്കണം.
7) Kerala State Science and Technology Academy (ASSTA) – കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന ഒരു സ്ഥാപനം.
8) 1000 കോടി രൂപയുടെ പ്രോജക്ട് ഫണ്ട്.
9) പുതുതായി നിയമിക്കപ്പെടുന്ന ശാസ്ത്ര – സാങ്കേതിക അദ്ധ്യാപകർക്ക് 20 ലക്ഷം രൂപ ഗവേഷണത്തിനായി seed money നൽകണം
10) മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരു Instrumentation ശാഖ ആരംഭിക്കുക.
11) സർവകലാശാലകളും – സ്വയംഭരണ കോളേജുകളും സ്വതന്ത്രമായ റിസർച്ച് പാർക്കുകളും, സെക്ഷൻ 8 കമ്പനികളും ആരംഭിക്കണം.
12) സംസ്ഥാനത്ത് ഒരു Innovation – Incusation നയം രൂപീകരിക്കണം.
13) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ Startup കൾ ആരംഭിക്കുന്നതിന് 20 കോടി വീതം 5 വർഷത്തേക്ക് അനുവദിക്കണം. ഇൻകുബേഷൻ സെന്ററുകൾ മേൽനോട്ടം വഹിക്കുന്നതിന് 1 വർഷം 4 കോടി രൂപ വീതം അനുവദിക്കണം

## V. സാമൂഹ്യ ശാസ്ത്ര-ഭാഷ മേഖലകളിലെ ഗവേഷണം

1) Kerala Institute of Advaned Studies (KIAS) - സിംലയിലെ Indian Institute of Advanced Studies മാതൃകയിൽ റസിഡൻഷ്യൽ സ്ഥാപനം.
2) Institution of Policy Studies - ഗവേഷകരും പോളിസി മേഖലയിൽ ജോലി ചെയ്യുന്നവരും തമ്മിൽ ബന്ധം സ്ഥാപിക്കുന്നതിന്
3) Institute of Gender Equity - ജെണ്ടർ സ്റ്റഡീസ് പഠനം പരിപോഷിപ്പിക്കുന്നതിന്.
4) Kerala Language Network (KLN) -മലയാള ഭാഷയും മറ്റു ഭാഷകളും വിജ്ഞാന ഭാഷയാക്കി മാറ്റുന്നതിന്
   - Translation മിഷൻ - മലയാളത്തിൽ നിന്നും/മലയാളത്തിലേക്കും പരിഭാഷ ചെയ്യുന്നതിന്.
   - Language Technology Mission - മലയാള ഭാഷയുടെ ടെക്നോളജിക്കൽ വികസനത്തിന്.
   - Study of Indigeneous Languages of Kerala (SILK)
5) Institute of Climate Change Studies - Climate Change Mitigation സെന്ററുമായി സഹകരിച്ച് പ്രവർത്തിക്കും.
6) Centre for Indigeneous People's Education - പരമ്പരാഗത തദ്ദേശീയ ജനങ്ങളെ കുറിച്ച് പഠിക്കാൻ.
7) പുതുതായി നിയമിക്കുന്ന അദ്ധ്യാപകർക്ക് 10 ലക്ഷം രൂപ ഗവേഷണത്തിന് 'seed money' ആയി നൽകണം.

## VI. Higher Education Eco System (ഉന്നത വിദ്യാഭ്യാസ ആവാസ വ്യവസ്ഥ)

1) സംസ്ഥാനത്തെ മുഴുവൻ സർവകലാശാലകളേയും ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെടുത്തണം.
2) ചെറിയ സർവകലാശാലകളെ ആദ്യ ഘട്ടത്തിൽ ക്ലസ്റ്റർ ആക്കുകയും കാലക്രമേണ സംയോജിപ്പിക്കുകയും വേണം.
3) അടുത്ത 10 വർഷത്തിനുള്ളിൽ അഫിലിയേഷൻ സംവിധാനം ഘട്ടം ഘട്ടമായി അവസാനിപ്പിക്കണം.
   - 20 സർക്കാർ കോളേജുകളെ ആദ്യ ഘട്ടത്തിൽ കോൺസ്റ്റന്റ് കോളേജുകളായി ഉയർത്തണം.
   - ഘട്ടം ഘട്ടമായി പ്രൈവറ്റ് കോളേജുകളെ ഇതിൽ ഉൾപ്പെടുത്തണം.
   - കാലക്രമേണ അദ്ധ്യാപക നിയമനത്തിനടക്കമുള്ള അധികാരം ഇവർക്ക് നൽകണം.
4) ലോകമെമ്പാടുമുള്ള മലയാളികൾക്ക് കേരളത്തിലെ സർവകലാശാലകളുമായി സഹകരിക്കാനും മതിയായ യോഗ്യത ഉള്ളവർക്ക് വിസിറ്റിംഗ് ഫാക്കൽറ്റിയായി വരാനും അവസരമൊരുക്കണം.
5) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയിൽ പൂർവ വിദ്യാർത്ഥികൾക്ക് കൂടുതൽ പങ്കാളിത്തം ഉറപ്പ് വരുത്തണം.

6) ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ കൂടുതൽ ശക്തിപ്പെടുത്തി സ്ഥിര അദ്ധ്യാപകരെ അടക്കം നിയമിക്കണം

## VII. സർവകലാശാല ഭരണനിർവഹണം (University Governence)

സർവകലാശാലകൾ അക്കാദമിക് പണ്ഡിതരാൽ സ്വയം നിയന്ത്രിക്കുന്ന സ്ഥാപനങ്ങളാകണമെന്നാണ് കമ്മീഷന്റെ കാഴ്ച്ചപ്പാട് അക്കാദമിക് സമൂഹമാകണം അടിസ്ഥാനപരമായി സർവകലാശാലയുടെ അക്കാദമിക് ഭരണ നിർവഹണത്തെ നിർണ്ണയിക്കേണ്ടത്

എന്നാൽ, കാലങ്ങളായി സംസ്ഥാനത്തെ സർവകലാശാല ഭരണം അക്കാദമികമായി വിപരീത ഫലമാണ് സൃഷ്ടിക്കുന്നത്. അക്കാദമിക് കാര്യങ്ങളിൽ വിവരമില്ലാത്ത (uninformed), അമിതമായി രാഷ്ട്രീയവത്കരിക്കപ്പെട്ട (over politicaled), പാർശ്വവർത്തികളായി (partisan) ആളുകളുടെ ബാഹ്യ ഇടപെടലാണ് സർവകലാശാലകളുടെ ദൈനം-ദിന ഭരണത്തിൽ നടക്കുന്നത്. ഇത് പരിഹരിക്കുന്നതിന് താഴെ പറയുന്ന ശുപാർശകൾ കമ്മീഷൻ മുന്നോട്ട് വെക്കുന്നു.

1) പഠന ബോർഡുകൾ (BOS), സ്കൂൾ/ഫാക്കൽറ്റി, അക്കാദമിക് കൗൺസിൽ എന്ന ക്രമത്തിലാക്കണം സർവകലാശാലകളുടെ അക്കാദമിക് ഭരണം നിർണ്ണയിക്കേണ്ടത്.
2) സർവകലാശാലകളുടെ പഠന ബോർഡുകൾക്കാണ് അക്കാദമിക് നയങ്ങൾ രൂപീകരിക്കാൻ ചുമതല.
3) തങ്ങൾക്ക് കീഴിൽ വരുന്ന പഠന ബോർഡുകളുടെ നയങ്ങളിൽ സുസ്ഥിരതയും തുടർച്ചയും ഉറപ്പ് വരുത്തുക എന്നതാണ് സ്കൂൾ/ഫാക്കൽറ്റികളുടെ കർത്തവ്യം.
4) കരിക്കുലം, ഗവേഷണം, ഇന്നവേഷൻ എന്നീ മൂന്ന് കാര്യങ്ങളിലും പരമാധികാര സമിതി അക്കാദമിക് കൗൺസിലാകും. അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാൻഡിംഗ് കമ്മിറ്റികളിലൂടെ പ്രവർത്തിക്കണം.
5) സർവകലാശാലയുടെ ദൈനംദിന അക്കാദമിക് ഭരണ നിർവഹണം വൈസ് ചാൻസലറുടെ ഉത്തരവാദിത്വമാകും.
6) പ്രൊ-വൈസ് ചാൻസലർ തൊട്ട് താഴെ ഉള്ള ഉദ്യോഗസ്ഥർക്ക് ഭരണ നിർവഹണം കാര്യക്ഷമമാകാൻ അധികാരം delegate ചെയ്യണം.
7) സെനറ്റിന് പകരം ചെറിയ സംവിധാനമായ ബോർഡ് ഓഫ് റീജന്റസ് കൊണ്ടുവരണം.
8) സർക്കാർ മേഖലയിലുള്ള എല്ലാ സർവകലാശാലകളുടെയും വിസിറ്റർ (visitor) മുഖ്യമന്ത്രിയാകണം. സ്വകാര്യ സർവകലാശാലകളുടെ വിസിറ്റർ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയാകണം.
9) ഓരോ സർവകലാശാലകൾക്കും പ്രത്യേകം ചാൻസലറെ ബോർഡ് ഓഫ് റീജന്റസ് തിരഞ്ഞെടുക്കണം.
10) സർവകലാശാല വൈസ് ചാൻസലർമാരുടെ കാലാവധി 5 വർഷമാക്കണം. 70 വയസ് വരെ ഉള്ളവർക്ക് രണ്ടാം ടേം നൽകുന്നത് പരിഗണിക്കാവുന്നതാണ്. ബോർഡ് ഓഫ് റീജന്റസ് ആണ് വൈസ് ചാൻസലറെ നിയമിക്കണ്ടത്.
11) വൈസ് ചാൻസലർ നിർദ്ദേശിക്കുന്ന മൂന്ന് പേരടങ്ങിയ പാനലിൽ നിന്ന് ബോർഡ് ഓഫ് റീജിയന്റ് പ്രൊ-വൈസ് ചാൻസലറെ നിയമിക്കണം.

**അക്കാദമിക് കൗൺസിൽ**

1) വൈസ് ചാൻസലർ
2) പ്രൊ-വൈസ് ചാൻസലർ
3) മുഴുവൻ ഡീനുമാരും
4) പഠന ബോർഡുകളുടെ ചെയർമാൻമാർ
5) സർവകലാശാല - കോളേജ് അദ്ധ്യാപകർ - 1 വീതം
6) 3 വിദ്യാർത്ഥികൾ - അവർക്കിടയിൽ നിന്ന് തിരഞ്ഞെടുക്കണം.
7) വൈസ് ചാൻസലർ നിർദ്ദേശിക്കുന്ന 3 വിദഗ്ദർ
8) കല-സാംസ്കാരിക-നിയമ മേഖലകളിൽ നിന്നുള്ള 2 പേരെ ചാൻസലർ നിർദ്ദേശിക്കണം (അക്കാദമിക് കൗൺസിൽ നൽകുന്ന 10 പേരുടെ ലിസ്റ്റിൽ നിന്ന്)

**സിൻഡിക്കേറ്റ്**

1) )വൈസ് ചാൻസലർ
2) പ്രൊ -വൈസ് ചാൻസലർ
3) 3 പഠന വകുപ്പ് തലവൻമാർ (റൊട്ടേഷൻ പ്രകാരം)
4) അക്കാദമിക് കൗൺസിൽ തിരഞ്ഞെടുക്കുന്ന 3 അംഗങ്ങൾ
5) വൈസ് ചാൻസലർ നിർദ്ദേശിക്കുന്ന 3 വിദഗ്ദർ (അക്കാദമിക് കൗൺസിൽ നൽകുന്ന 10 പേരുടെ ലിസ്റ്റിൽ നിന്ന്)
6) കല-സാംസ്കാരിക-ശാസ്ത്ര-നിയമ മേഖലകളിൽ നിന്ന് 2 വിദഗ്ദരെ ചാൻസലർ നോമിനേറ്റ് ചെയ്യും (അക്കാദമിക് കൗൺസിൽ ശുപാർശ ചെയ്യുന്ന 10 പേരുടെ ലിസ്റ്റിൽ നിന്ന്)
7) ഒരു വിദ്യാർത്ഥി പ്രതിനിധി.

## VIII. Digital Infrastructure and Library Networks

1) ഡിജിറ്റൽ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരുക്കണം.
2) ഒരു ഓപ്പൺ ഡാറ്റ ഗവേഷണ കൺസോർഷ്യം രൂപീകരിക്കണം.
3) ലൈബ്രറി ക്ലസ്റ്ററുകൾ രൂപീകരിക്കുക.
4) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ e-journal കൺസോർഷ്യം വിപുലമാക്കുക.
5) സർവകലാശാല ക്യാമ്പസുകളിൽ 18-24 മണിക്കൂർ ലൈബ്രറി സംവിധാനം ഉറപ്പ് വരുത്തുക.

## IX. ഫണ്ടിംഗ്

1) വിദ്യാഭ്യാസ മേഖലയിൽ ചിലവഴിക്കുന്നതിന്റെ 33 ശതമാനം ഉന്നത വിദ്യാഭ്യാസ മേഖലക്കായി മാറ്റിവക്കണം. 2036-37 ആകുമ്പോഴേക്ക് ഇത് 40 ശതമാനമായി ഉയർത്തണം.
2) പ്ലാൻ ഫണ്ട് അടുത്ത 5 വർഷത്തേക്ക് ഇരട്ടിയാക്കണം

3) സ്വകാര്യ നിക്ഷപം പ്രോത്സാഹിപ്പിക്കുന്ന നടപടി ഉണ്ടാകണം.
4) 5000 കോടി രൂപയുടെ Kerala Higher Education Fund (KHEF) രൂപീകരിക്കണം.
5) ഉന്നത വിദ്യാഭ്യാസ സെസ് (1-2 ശതമാനം) ഏർപ്പെടുത്തണം.
6) സർവകലാശാലകൾ സ്വന്തം നിലക്ക് ചിലവിന്റെ നിശ്ചിത സതമാനം കണ്ടെത്തണം. ഇത് വ്യവസായങ്ങളുമായി സഹകരിച്ചും, ഗവേഷക പ്രൊജക്ടിലൂടെയും, അലുമിനി, CSR ഫണ്ട് വഴിയും കണ്ടെത്താം. ഭരണ നിർവഹണത്തിനും അക്കാദമിക് ആവശ്യങ്ങൾക്കുമുള്ള ചിലവിന്റെ അനുപാതം കുറക്കണം.

## X. വിഭവ സമാഹരണവും സ്വകാര്യ പങ്കാളിത്തവും (Mobilize Resources and Private Partnership)

1) സർക്കാർ നിക്ഷേപം കാലക്രമേണ 50-60 ശതമാനമായി കുറച്ച് സ്വകാര്യ പങ്കാളിത്തത്തിലൂടെ പദ്ധതി ചെലവുകൾ കണ്ടെത്തണം.
2) ഓപറേഷണൽ കോസ്റ്റിന്റെ 25-35 ശതമാനം വിദ്യാർത്ഥികളുടെ ഫീസിൽ നിന്ന് കണ്ടെത്തണം. ഇതിനായി പരിവർത്തനാത്മകമായ (dynamic) ഫീസ് ഘടന നിർണ്ണയിക്കണം.
3) സാമ്പത്തിക-സാമൂഹ്യ ദുർബല വിഭാഗങ്ങളിൽ നിന്നുള്ളവർക്ക് ഫീസ് ഇളവ് നൽകണം. ഇതിന് കുടുംബത്തിന്റെ വരുമാനം കൂടി കണക്കിലെടുത്ത് സ്ലാബ് നിശ്ചയിക്കണം.
4) പൊതുമേഖലയിൽ ഉള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയം ചിലവ് കണ്ടെത്തി പ്രത്യേക കോഴ്സുകൾ നടത്താനുള്ള അനുമതി നൽകണം.
5) സ്വകാര്യ നിക്ഷേപം ഉറപ്പ് വരുത്താൻ പ്രത്യേക സംവിധാനം തന്നെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിക്കണം.
6) Kerala Network for Research Support in Higher Education (KNRSHE) എന്ന സംവിധാനം ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ സ്ഥാപിക്കണം. അദ്ധ്യാപകർക്ക് CSR ഫണ്ടടക്കമുള്ള പ്രൊജക്ടുകൾക്ക് അപേക്ഷിക്കാനും മറ്റുമുള്ള സൗകര്യങ്ങൾ ഈ സംവിധാനം ഒരുക്കണം.
7) Board of Self Sustaining Institutions in Higher Educations (BSSIHE) എന്ന നിയന്ത്രണ സംവിധാനം സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ഒരുക്കണം.
8) പ്രൈവറ്റ് സർവകലാശാലകൾ സ്ഥാപിക്കുന്നതിനായി കേരള സംസ്ഥാന സ്വകാര്യ സർവകലാശാല ബിൽ അവതരിപ്പിക്കണം.

ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്രപരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച 3 കമ്മീഷനുകളിൽ ഒന്നായ പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ മുന്നോട്ട് വെച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ താഴെപറയും പ്രകാരമാണ്.

1) പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സർവകലാശാലാ തലത്തിൽ പ്രവേശന പരീക്ഷ നടത്തുക.
ഇതിന് ദേശീയതലത്തിൽ വിജ്ഞാപനം ചെയ്യാവുന്നതും അന്തർസർവകലാശാലാ കൂടിയാലോചനാസമിതിയിൽ പരീക്ഷയുടെ സമയക്രമം തീരുമാനിക്കാവുന്നതുമാണ്.

2) ഒന്നിലധികം വിഷയങ്ങൾ പഠിക്കുന്ന മൾട്ടിമേജർ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അതിൽ ഏത് വിഷയവും പഠിക്കാൻ കഴിയുന്ന തരത്തിൽ നിയമങ്ങൾ ലഘൂകരിക്കണം. ഇതിന് യു.ജി.സിയുടെ ഇക്വിവാലെൻസിയുമായുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ മാതൃകയാ ക്കാവുന്നതാണ്.

3) സംസ്ഥാനത്തെ ഏത് സർവകലാശാലയ്ക്കും ഉപയോഗിക്കാവുന്ന പൊതുവായ ഒരു നമ്പർ യൂണിക് സ്റ്റുഡന്റ് ഐഡന്റിറ്റി (USID)എന്ന പേരിൽ നടപ്പിലാക്കണം. ഇത് ആധാറുമായി ബന്ധപ്പെടുത്തണം. വിദ്യാർത്ഥികൾക്ക് സർവകലാശാലകൾക്കിടയിൽ ചലനാത്മകത നൽകുന്നതിന് ഇത് സഹായിക്കും.

4) സർവകലാശാലകൾ പ്രത്യേകമായി "സ്റ്റുഡന്റ് പോർട്ടൽ" ഏർപ്പെടുത്തണം. വിദ്യാർത്ഥികൾക്കും സർവകലാശാലയ്ക്കുമിടയിലുള്ള എല്ലാ ആശയവിനിമയങ്ങളും ഈ പോർട്ടൽ വഴിയായിരിക്കണം.

5) കരിക്കുലവും റെഗുലേഷനും സർവകലാശാല നിശ്ചയിക്കണം. ഇതിൽ പഠനവിഷയത്തിന്റെ വിശദാംശങ്ങൾ , പഠനരീതി, വിദ്യാർത്ഥികൾ ഉപയോഗിക്കേണ്ട പഠനപ്രക്രിയകൾ ഇവ വിശദീകരിച്ചിരിക്കണം.
സിലബസും പരീക്ഷാ രീതികളും നിശ്ചയിക്കാൻ അതത് സ്ഥാപനങ്ങൾക്ക് അനുവാദം നൽകണം. കരിക്കുലത്തിൽ വ്യക്തമാക്കപ്പെടുന്ന പഠനാനന്തര ഫലങ്ങൾ (learning outcomes)ആയിരിക്കണം ഇതിന്റെ അടിസ്ഥാനം.

6) കോഴ്സ് ബ്രേക്കിനും സ്കീം മാറ്റത്തിനും അനുമതി നൽകണം . യു.ജി.സിയുടെ നിബന്ധനയനുസരിച്ച് ഒരു വിദ്യാർത്ഥിയ്ക്ക് പ്രോഗ്രാം പൂർത്തീകരിയ്ക്കാൻ പ്രോഗ്രാമിന്റെ സ്വാഭാവിക കാലാവധിയും രണ്ട് വർഷവും കൂടിയാണ് അനുവദിയ്ക്കുക (N+2). അതായത് 3 വർഷം കൊണ്ട് പൂർത്തിയാക്കേണ്ട ഒരു ബിരുദം പരമാവധി 5 വർഷം കൊണ്ട് പൂർത്തീകരിക്കണം. എന്നാൽ ഇടയ്ക്കുവെച്ച് പഠനം മുടങ്ങി പോകുന്നവർക്ക് പുനഃപ്രവേശനം നൽകി പ്രോഗ്രാം പൂർത്തീകരിക്കാൻ അനുവദിക്കുന്നതിന് സർവകലാശാലാ റെഗുലേഷൻ നിർമ്മിക്കണം. പഠനം മുടങ്ങുന്നതിനുമുമ്പ് പൂർത്തീകരിച്ച ക്രെഡിറ്റുകൾ നിലനിർത്തി പുനഃപ്രവേശനം നേടുന്ന സമയത്ത് നിലവിലുള്ള പ്രോഗ്രാമിൽ ആവശ്യമായ ക്രെഡിറ്റുകൾ തീരുമാനിച്ച് പുനഃപ്രവേശനം നൽകാൻ പഠന ബോർഡുകൾക്ക് അധികാരം നൽകണം.

7) യൂണിവേഴ്സിറ്റികൾക്കിടയിൽ ക്രെഡിറ്റ് ട്രാൻസ്ഫർ അനുവദിക്കണം.

8) നിലവിലുള്ള external: internal റേഷ്യോ 80:20 ആണ്. 80 ശതമാനം മാർക്ക് സർവകലാശാല നടത്തുന്ന പരീക്ഷയിലും ബാക്കി 20 ശതമാനം ആന്തിരക മൂല്യനിർണ്ണയത്തിലും നിന്നാണ് ലഭിക്കുക. ഇത് 60:40 എന്നാക്കി മാറ്റാവുന്നതാണ്. ആന്തരികമൂല്യനിർണ്ണയത്തിന്റെ വിശദാംശങ്ങൾ അതത് പഠന ബോർഡുകൾക്ക് നിശ്ചയിക്കാവുന്നതാണ്. ഇതിൽ 50 ശതമാനം കോളേജുതലത്തിൽ നടത്തുന്ന എഴുത്തു പരീക്ഷയായിരിക്കേണ്ടതാണ്. അറ്റന്റൻസ് ആന്തരികമൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതില്ല.

9) ആന്തരിക മൂല്യനിർണ്ണയത്തിന്റെ രേഖകൾ 6 മാസം വരെ കോളേജുകൾ സൂക്ഷിക്കേണ്ടതും സർവകലാശാല ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്. വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിന് ഒരു ത്രിതല പരാതിപരിഹാര സംവിധാനം ഒരുക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റ്തലം, കോളേജുതലം, സർവകലാശാലാതലം എന്നീ 3 തലം ഇതിനുണ്ടാവും. എല്ലാ തലത്തിലും വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടാകേണ്ടതാണ്.

10) ഒന്ന്, രണ്ട് സെമസ്റ്റർ ബിരുദ പരീക്ഷകളും ഒന്ന് , മൂന്ന് സെമസ്റ്റർ ബിരുദാനന്തരബിരുദ പരീക്ഷകളും സർവകലാശാല നൽകുന്ന ചോദ്യപേപ്പറിന്റെ അടിസ്ഥാനത്തിൽ കോളേജിൽ തന്നെ നടത്തി മൂല്യനിർണ്ണയം നടത്തേണ്ടതാണ്. 10 മുതൽ 20 ശതമാനം വരെ പേപ്പറുകൾ പുനർമൂല്യനിർണ്ണയം നടത്തിയശേഷം സർവകലാശാല റിസൾട്ട് പ്രഖ്യാപിക്കേണ്ടതാണ്.

11) ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് ചോദ്യബാങ്ക് സംവിധാനം നടപ്പിലാക്കേണ്ടതാണ്.

12) ഒരു അധ്യാപക പോർട്ടൽ സ്ഥാപിക്കേണ്ടതും അധ്യാപകർക്ക് നൽകുന്ന യൂണിക് ടീച്ചർ ഐഡന്റിറ്റി (UTID) ഉപയോഗിച്ച് അധ്യാപകർ പഠിപ്പിക്കുന്ന വിഷയങ്ങൾ അതത് സമയത്ത് പോർട്ടലിൽ ചേർക്കേണ്ടതുമാണ്. ഇത് മൂല്യനിർണ്ണയം വേഗത്തിലാക്കും.

13) പരീക്ഷ പേപ്പറുകളുടെ മൂല്യനിർണ്ണയം വേഗത്തിലാക്കുന്നതിന് ഫാൾസ് നമ്പർ രീതിയ്ക്ക് പകരം ബാർകോഡ് ഉപയോഗിക്കുന്ന രീതി നടപ്പിലാക്കണം.

14) ഗ്രേസ് മാർക്കുകൾ മാർക്ക് ലിസ്റ്റിൽ ചേർക്കുകയും പ്രവേശനത്തിന് വീണ്ടും ഗ്രേസ് മാർക്ക് നൽകുന്നത് ഒഴിവാക്കുകയും വേണം.

15) പരീക്ഷ കഴിഞ്ഞാൽ 30 ദിവസത്തിനുള്ളിൽ ഫലം പ്രഖ്യാപിച്ചിരിക്കണം.

16) സർവകലാശാലകൾ മാർക്ക് ലിസ്റ്റുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ ഒരു പൊതു ഡിജിലോക്കർ സംവിധാനത്തിൽ വിദ്യാർത്ഥികൾക്ക് USID ഉപയോഗിച്ച് ലഭിക്കുന്ന രീതിയിൽ നിക്ഷേപിക്കേണ്ടതാണ്.

17) സർവകലാശാലകളിൽ ഒരു എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP)സിസ്റ്റം നടപ്പിൽ വരുത്തുകയും അക്കാദമിക്, പരീക്ഷ, ഭരണ, സാമ്പത്തിക, ആസൂത്രണ വിഭാഗങ്ങൾ പൂർണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ നടപ്പാക്കുകയും ചെയ്യണം. സർവകലാശാലകളിൽ ഒരു ഡയറക്ടർ , സിസ്റ്റം അനലിസ്റ്റ്,

ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ, പ്രൊജക്റ്റ് മാനേജർ, ഡവലപ്പർമാർ ഇവരുൾ പ്പെട്ട ഇ-ഗവേണൻസ് സെന്റർ സ്ഥാപിക്കണം.

## UNIVERSITY LAW REFORMS AT A GLANCE

### 1. Objects of the University

In the Kerala University Act and other University Acts which did not contain an enumeration of the objects, they were included. The responsibility of the University to create, preserve and disseminate knowledge was specifically stated. The duty of the University to promote freedom, secularism, equality and social justice was emphasized. A significant addition to the objects is the specific duty of the University to promote the use of Malayalam as medium of instruction especially in professional and technical education. It is relevant to note that the AICTE and Bar Council of India have accepted the role of mother tongue in professional and technical education and recommended that mother tongue be introduced as medium of instruction.

### 2. Territorial limits

It was specifically stated that territorial limits of each University mentioned in the relevant Act shall be only for the purpose of granting affiliation to colleges.

A new provision enabling Universities to establish study centres at such other places within and outside the state and also abroad with the prior approval of the senate and of the concerned Governments has been incorporated.

### 3. Autonomous Colleges

The power of the University to declare by notification conferment or extension of autonomous status to a college has been specifically included. Details regarding autonomous colleges to be included in the Statutes were included in Appendix 13 of the Report.

### 4. The Chancellor

The Commission recommends continuation of the present position regarding the Governor of the State as Ex-officio Chancellor of all Universities in the State, except NUALS where the Chief Justice of the High Court is the Chancellor in tune with the practice in other National Law Universities in India.

The power of the Chancellor to decide whether any proceeding of any of the authorities of the University is in conformity with the Act, Statutes etc. has been taken away. This power will be

exercised by the Chairman of the University Tribunal, who will be a sitting or retired Judge of the Supreme Court or High Court, since it is matter which involves legal expertise.

**5. Pro-Chancellor**

According to University Acts now in force, the Pro-Chancellor has no specific power, except exercising the powers and performing the functions of the Chancellor in his absence. The following clauses are proposed to be added so as to make the position of Pro-Chancellor relevant.

(1) The Pro-Chancellor may call for any information relating to the academic and administrative affairs of the University and such requisition shall be complied with by the University.

(2) The Pro-Chancellor shall exercise such powers and perform such duties of the Chancellor as the Chancellor may, by an order in writing, delegate to the Pro-Chancellor and such delegation may be subject to such restrictions and conditions as may be specified in such order.

(3) The Pro- Chancellor shall have the right to bring any matter, which he considers important or a matter involving the policy of the government, to the attention of the Chancellor or to any authority or officer of the University and seek appropriate action

**6.. Vice-Chancellor**

The qualifications as well as the mode of appointment of the Vice-Chancellor spelt out in the relevant UGC regulations have been incorporated in the Act. For the sake of clarity it was specifically stated that a panel of three names submitted by a majority of the search cum selection committee shall be treated as panel submitted by the Committee.

The age limit for appointment as Vice-Chancellor has been increased from 60 to 65. This was done mainly because the retirement age of Professors in Central Universities is 65 and the UGC Regulations stipulate a minimum of 10 years as Professor for appointment as Vice Chancellor.

In the event of a permanent vacancy occurring in the Office of the Vice-Chancellor, or when the Vice Chancellor and the Pro Vice Chancellor are temporarily absent ,the Commission recommends Syndicate shall select a senior professor of the University from a panel of three names in order of seniority and such selected person shall exercise the powers and perform the duties of the Vice-Chancellor till the appointment of the Vice-Chancellor.

**7. Pro-Vice Chancellor**

The University Acts now in existence do not contain any specific provision on the powers of the Pro-Vice-Chancellor. Appointing a highly qualified person to the position and maintaining his office at considerable expenses to the University appeared unjustified to the Commission in the absence of specific powers and functions. It is therefore proposed that the Pro-Vice-Chancellor shall be the Chairperson of the Council of Faculty Deans, the Research Council and the Council of Affiliated Colleges. Moreover the Pro-Vice Chancellor shall exercise the powers ad perform the duties of the Vice-Chancellor in the event of a temporary vacancy occurring in the Office of the Vice Chancellor or during the temporary absence of the Vice Chancellor

**8. The Senate**

An attempt has been made to reduce the number of members in the Senate of all the Universities in Kerala, without changing its representative character. The representation of teachers and principals of private unaided colleges has been ensured in all Senates of the Universities.

The Commission is of the view that the Senate performs a very important function of making institutions of higher education democratically accountable. In furtherance to that principle , a new Senate has been proposed in SSUS ,Kalady which does not had a Senate and more powers have been conferred to the MGU, Kaanur University and CUSAT.

The power to make Statutes were uniformly vested to Senate in all Universities.

But radical changes have been proposed in the rules of procedure regulating the meetings of the Senate, making it look like a session of the Legislative Assembly. The politically charged ambience of the Legislature need not be recreated in the Senate which is basically concerned with general policy matters of an academic institution. This is the rationale behind the proposal to exclude provision for adjournment motions and question hour in the Senate.

**9. The Syndicate**

The Kerala and Calicut University Acts had similar provisions regarding the constitution as well as powers of the Syndicate. The Senate was conceived as the Supreme Authority of the University and the Syndicate was accountable to the Senate. The Syndicate consisted mostly of members elected from the Senate, with some ex-officio and nominated members. The question whether this system results in over-politicization of University administration, which is turn is one of the

reasons for the deterioration in academic standards, has been raised and discussed innumerable times without any generally acceptable conclusions.. Those who oppose to above view have built up strong arguments based on the need to ensure democratic accountability for institutions of higher education. The recent grading of the Kerala University with A++ by NAAC, the only University in Kerala to obtain that grade and among 10 Universities in the country, prove that academic excellence and democratic accountability are not incompatible, but mutually reinforcing.

Be that as it may, the Commission chose to tread a middle path. The composition, powers and functions of the Syndicate as well as its relationship with the Senate, now prevailing in Kerala and Calicut Universities, is retained without significant changes. However the number of members on syndicate has been brought down without reducing academic representation to enable the syndicate to function effectively as chief executive body of the University. In other Universities the Syndicate plays a more independent role with the Senate confined to some over all powers of general supervision and oversight. The SSUS did not have a Senate under the Act. It was considered necessary to constitute a Senate for SSUS as well. The amended Act we propose in Appendix VII has been drafted on that basis.

**10. The Academic Council and Board of Studies**

In the composition and functions of the Academic Council, no significant changes have been made. But functionally we expect a qualitative improvement as a result of some changes we propose regarding Deans of Faculties and Deans other than Faculty Deans.

No major changes are suggested in the composition and functions of the Board of Studies, except that each Department of study will have a Board of Studies for both graduate and post- graduate programmes. The Commission has taken sufficient care to ensure that the autonomy of Academic Council in all academic matters are safeguarded.

**11. The Research Council**

An innovative proposal by the Commission is to constitute a Research Council in every University. The Council consisting of Deans, teachers, external experts and a research scholar will have a wide range of powers and functions enumerated in the Statutes(See Appendix XIV). Through the formation of subject-wise sub committees, all the supervising teachers of the University will be linked to the Council. The Council will also undertake a periodic review of academic research in

the University and research projects carried out by University Departments, Centres and individual teachers.

**12. The Council of Faculty Deans**

In order to co-ordinate the functioning of Faculty Deans and to enable them to play a more effective role in the Academic Council, a Council of Faculty Deans is proposed to be set up in each University. One of the important functions of the Council is to meet prior to the meeting of the Academic Council and to make its recommendations on items on the agenda of the Academic Council. Questions of equivalency of degrees, which is a complicated and time consuming process now, are proposed to be delegated to the Council of Deans subject to ratification by the Academic Council.

**13. Students' Council**

No major changes are proposed in the composition, powers and duties of the Students' Council, except that the newly created Dean, Students Affairs has been made the Vice Chairman of the Council.

**14. Students' Rights and Grievances**

One of the major changes we propose in the legal framework of Universities is the inclusion of Students' Rights and Grievances in the Act, recognizing the fact that a University exists primarily for the students. Apart from academic rights, students are guaranteed freedom of opinion, of expression and of peaceful assembly in the campus. We have also included provisions to ensure that;-

(a) every group of students has a right to organize or promote the interests of its members, provided that the purposes of such a group are lawful. Every such group shall have the right to hold meetings, to debate any matter and to engage in lawful and peaceful demonstration;

(b) All University bodies constituted to make decisions of policy in matters pertaining directly to students must provide for student membership;

(c) All educational institutions of the University shall constitute a formal representative body of students, in which elections shall be held regularly at the beginning of each academic year.

Grievances of students relating to admission, examinations, student amenities, non- transparent and unfair policies in evaluation, discrimination, harassment or victimization, denial of quality education etc. are also enumerated in the Statutes of the University. A grievances redressal mechanism consisting of Collegiate / Departmental Students Grievances Redressal Committee, University Student Grievance Redressal Board, and University Ombudsperson is also set up to deal with grievances of students.

The University Tribunal will also have jurisdiction to intervene in urgent and important cases of alleged violation of students' rights.

**15. Statutes – Assent by Chancellor**

It has been brought to the attention of the Commission by most of the Universities in the State that there is inordinate delay in getting the assent of the Chancellor for Statutes proposed by the University. This is really a serious issue. As a remedy, we propose the inclusion of a provision whereby the Chancellor's assent to a Statute shall be deemed to have been given on the expiry of 60 days from the date on which it has been submitted to the Chancellor. As far as the power of the Chancellor to refer a Statute back to the Senate, a provision to the effect that if such a Statute is passed by the Senate again, it shall come into effect from the date prescribed by the Sanate.

These amendments are expected to make the law making power vested in the Universities more effective and meaningful.

**16. Audit of Accounts**

One grievance brought to the attention of the Commission by teachers who were directing research projects funded by external agencies was the procedural problems in getting the funds released even after funds sanctioned by the agencies are credited to the University account. An equally persistent complaint was regarding the difficulties and delay involved in getting the project accounts audited. The Commission has examined the issues in detail and resolved to recommend the inclusion of the following provision in the chapter on Finance in the University Act.

> Notwithstanding anything contained in the foregoing provision, the accounts relates to the funds granted by external funding agencies for specific projects shall be audited in such manner as may be specified by the funding agency.

**17. Deans other than Faculty Deans**

In order to ensure academic involvement in important areas of University governance it is proposed to designate senior teachers as Deans in charge of the following important areas;

1. Student Affairs
2. University Departments
3. Affiliated Colleges
4. Teachers' Welfare
5. Internal Quality Assurance

These Deans must be provided with necessary administrative support and delegation of powers. A distinct advantage of this proposal is the opportunity it provides to senior professors, who in due course may get elevated to responsible positions in the University system. The newly proposed Deans are expected to provide academic inputs to the decision making process without introducing any delay or undue procedural requirements.

**18. Conduct Rules for Teachers**

At present the Government Servants' Conduct Rules, which are applicable to persons in Government service are made applicable to teachers in Universities and Colleges. These rules are mechanically extended to teachers without any regard to the nature of their functions and expertise in particular areas of knowledge. Teachers are expected to play a pro-active role in the dissemination of knowledge. Unfortunately, the present Government Servants Conduct Rules do not recognize the academic freedom of teachers and imposes so many unreasonable restrictions on that freedom. The new conduct rules which are proposed by the Commission for University Teachers remove all such unreasonable restrictions and allow teachers to play a dynamic role in the dissemination of knowledge. The Commission hopes that the government will take necessary steps to introduce similar conduct rules for government college teachers and teachers in private aided colleges.

**19. Affiliation of Colleges and Courses**

At present the affiliation system in the University functions on an ad hoc basis resulting in concentration of colleges in particular areas or particular subjects without any rationale. The Commission proposes a system which takes into consideration an assessment of educational needs,

with the involvement of Kerala State Higher Education Council. The Government will publish lists identifying the areas where new colleges, both aided and unaided, are to be located. Then the University will invite applications for affiliation and decide on affiliation of colleges and courses on the basis of norms fixed by the University.

**20. University Tribunal**

One of the most important recommendations of the Commission is to constitute a University Tribunal consisting of ;-

a) a person who is or has been a Judge of the Supreme Court or High Court - Chairman;
b) an Advocate of not less than 15 years experience – Member; and
c) an academician who is, or has been, or qualified to be a Vice-Chancellor – Member

The Government may constitute a Tribunal for one University and subsequently, by notification, confer jurisdiction on the Tribunal under other University Acts.

The Tribunal shall have wide jurisdiction including; -

i) disputes on the constitution of a University Authority or body
ii) disputes between any officers or teachers of the University and the University
iii) appeal from any order of the Vice Chancellor;
iv) appeal against final list published by Government identifying locations, where new colleges or new courses are to be sanctioned;
v) Petitions filed by students alleging violation of their rights and grievances;
vi) Disputes an equivalency of examinations and degrees;
vii) Appeal from a decision of the Vice Chancellor, on whether a person is disqualified for election or nomination or appointment as a member of any of the authorities of the University.

Some powers are vested in the Chairman, University Tribunal, which include the question whether any proceedings of any of the authorities of the University is in conformity with the Act, Statutes etc., and conducting an inquiry on charges of misappropriation or mismanagement of funds or misbehavior against the Vice Chancellor or the Pro-Vice Chancellor.

## 21. Council of Affiliated Colleges

In the Universities which follow the affiliation system, the Commission has made significant recommendations on the procedure for affiliation and also on appointment and conditions of service of teachers in private colleges. The absence of a forum for interaction between the University and affiliated colleges was keenly felt. The Commission therefore proposes the constitution of a Council of Affiliated Colleges, with the Pro Vice Chancellor as Chairperson and the Dean, Affiliated Colleges as the Vice Chairperson. The Council, it is hoped, will improve the relations between affiliated colleges and the University, in addition to providing a forum to draw attention to problems faced by affiliated colleges. We can legitimately expect a qualitative improvement in the functioning of affiliated colleges through the combined efforts of Dean of Affiliated Colleges and the Council of Affiliated Colleges.

## 22. Autonomous Colleges and Cluster of Colleges

Provisions have been included on Autonomous Colleges and Cluster of Colleges in the Acts, with supplementary provisions to be included in the Statutes.

## 23. A New Act for Private Unaided Colleges

It was found that the Kerala self-financing Colleges, Act of 2021 was inadequate to solve the problems in the Private Unaided sector. The Commission proposes a new Act to govern the private unaided sector. A major highlight of the proposed Act is linking of the grade obtained in NAAC/SAAC accreditation with the duration of affiliation. The institution that acquires higher grades in the accreditation process shall be eligible to get affiliation extended for longer periods. With high grades a private unaided college may even become eligible for autonomous status.

## 24. Equivalency

The Commission receive huge number of complaints regarding the Equivalency/Eligibility issued by the Universities. The Commission recommends the recognition of any degree by any University of the state shall be binding on all other Universities in the state. The Academic Council of the University shall have the power to laid down general norms for the Equivalency/Eligibility for the courses. The Vice Chancellor shall have power to issue orders regarding the recognition of the Degrees on the recommendation of the Council of Faculty Deans. Equivalency/Recognition for the courses in interdisciplinary/multi-disciplinary nature shall be decided by the State Level

Equivalency Committee (SLEC) of Kerala State Higher Education Council and its decision shall be binding on all Universities. The University Tribunal shall have the jurisdiction to decide over disputes related to equivalency.

Necessary changes in the Acts/Statutes have been proposed in this regard.

**25. Some other recommendations**

From the discussions of the Commission, some ideas which deserve to be brought to the attention of the Government have emerged. Though not formulated as amendments to any provision of law, they are stated below in the hope that in Government will seriously consider their implementation.

(i) There is a mandatory provision for the appointment of a Commission every 10 years to inquire into and report on the working of the University. With regret we point out non-compliance with this provision and recommend that necessary steps for appointment of a Commission be initiated without delay;

(ii) One of the reasons for inefficiency in the University administration is the absence of persons with enthusiasm at the middle level. This problem in the Government service was addressed through the establishment of KAS. We would place before the Government a suggestion to make direct recruitment to a prescribed percentage of posts in the middle management level of all Universities.

(iii) The practice of one University, imposing a prohibition on other Universities offering courses in a particular discipline or subject goes against the very concept of knowledge without boundaries. Provisions to this effect in the University Acts must be repealed at once.

(iv) The Commission has recommended that a Centre for Research on Policies in Higher Education, mentioned in section 4(2) (n) of the Kerala State Higher Education Council Act be established on a priority basis with the support of the Government. Along with that, two other Centres viz. Curriculum Development Centre and State Council for Assessment of Higher Education Institutions, mentioned in the same provision, be established as autonomous centres under the Council.

(v) The Planning and development committee has been proposed as a statutory body in all University acts. The major objective of the committee is to prepare institutional development plans and its implementations.

(vi) The Commission proposes periodic in-service training and tests for the employees of all Universities. Participation in such training programmes and tests are a mandatory prerequisite conditions for their promotions.

(vii) A new provision is recommended in the conditions of service of teachers of private aided colleges by the Commission. The Vice Chancellor's prior permission is required to keep a teacher under suspension beyond fifteen days. If the enquiry conducted by the Vice Chancellor found that there are no valid grounds for the suspension, the teacher shall forthwith be reinstated by the educational agency. If the teacher is not actually reinstated, the teacher shall be deemed to have been on duty. It shall then be open to the Director of Collegiate Education to disburse the pay and allowances to the teacher as if he was not suspended and recover the amount so disbursed from the educational agency.

(viii) The Commission proposes the Registrars of all Universities as the Chief Administrative Officers of the University.

(ix) The Commission has recommended for the inclusion of relevant section of right to services act, 2012 in Universities.

(x) A problem brought to the attention of the Commission by research scholars of various Universities is the delay in the evaluation of doctrinal dissertations. The Commission was surprised to learn that in some cases the delay exceeds two years. We propose the inclusion of the following clause in the Research Regulations of all Universities.

"The evaluation process of a doctoral dissertations shall ordinarily be completed in 90 days. In cases where the process takes a longer period, the Research Committee shall make a report explaining the reasons for such delay and submit it to the Research Council. The Research Council after due enquiry shall make a report to the Vice Chancellor clearly stating whether the delay was due to genuine reasons and whether it may be condoned. If the Council finds that the delay was caused by the negligence of any person, it may recommend suitable action against such person".

സെക്ഷൻ ഓഫീസർ